"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പ്ലാനിംഗ്- ജീവനക്കാര്യം-കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സിദ്ധാർത്ഥ് പി.എസ്-ന്റെ അവധി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1324/2024/LSGD തീയതി,തിരുവനന്തപുരം, 21-07-2024

---

പരാമർശം:-

1. ശ്രീ. സിദ്ധാർത്ഥ് പി.എസ്. ന്റെ 16.2.2023 തീയതിയിലെ അവധി അപേക്ഷ.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.4.2024 തീയതിയിലെ LSGD/PD/70350/2023-DEF3 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. സിദ്ധാർത്ഥ് പി.എസ്-ന് Post Graduate പഠനം പൂർത്തിയാക്കുന്നതിലേയ്ക്കായി അനുബന്ധം XII B പ്രകാരം 17/02/2023 തീയതി മുതൽ 17/05/2023 തീയതി വരെ ശൂന്യവേതന അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴ്സ് സർട്ടിഫിക്കറ്റിൽ 'Final Theory exam 28/04/2023' ൽ എന്ന് സാക്ഷ്യപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.സിദ്ധാർത്ഥ് പി.എസ്- ന് Post Graduate പഠനം പൂർത്തിയാക്കുന്നതിലേയ്ക്കായി 17/02/2023 മുതൽ 28/04/2023 വരെ, കെ.എസ്.ആർ. ഭാഗം ഒന്ന്, അനുബന്ധം XII- B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചും, 29/04/2023 മുതൽ 17/05/2023 വരെയുള്ള കാലയളവ്, ടിയാൻ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

പകർപ്പ്

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2.ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3.ശ്രീ. സിദ്ധാർത്ഥ് പി.എസ്, ഓഫീസ് അറ്റൻഡന്റ്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യലയം, കാസർഗോഡ് (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5.വെബ്&ന്യൂ മീഡിയ, ഐ.& പി.ആർ.ഡി
6.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7.സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി( File No. EWB3/103/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 22-07-2024 09:28:33